## 79

*രീതി: ഏറെയാമോ നാളിനിയും*

ജീവനേകി സ്നേഹിച്ചെന്നോ
യേശുവേ എന്നെ നീ........ഹാ..........

1 അർദ്ധപ്രാണനായ് കിടന്നൊ-രെന്നെ
രക്ഷ ചെയ്തിടുവാനായ് ആ ആ
താണിറങ്ങി ഭൂവിൽ നീ വന്നിതോ!

2 കീറ്റുശീലയിൽ പൊതിഞ്ഞ
പൊന്നുമേനിയങ്ങു ശയിപ്പു ആ ആ
പുൽത്തൊഴുത്തിലല്ലയോ നാഥനേ!-

3 ഗത്ശെമന പൂവനത്തിൽ
പാപചഷകം കാരു നേരം ആ ആ
മണ്ണിൽ വീണുപോയവൻ ആർത്തനായ്

4 നിണമണിഞ്ഞ മേനിയിൽ വൻ
കുരിശുമേന്തി പാടുകളേറ്റ് ആ ആ
വീണു വീണു പോകയാണെൻ പരൻ!

5 കുരിശിൽ കൈകാൽകൾ വിരിച്ച്
ശിരസ്സിൽ മുൾക്കിരീടമണിഞ്ഞു ആ ആ
തല ചുമലിൽ ചായ്ച്ചവൻ കേഴുന്നു-

6 സകലരും കൈവിട്ടനേരം പ്രാണൻ കുരിശിൽ
യാഗമായ്ത്തീർന്നു ആ ആ
വീടുത്തെൻ പ്രാണനെ സ്നേഹവാൻ- **K.D.W**